**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2329** **12-02-2024-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് നഴ്സിംഗ് കോളേജ് പി.ജി. ബ്ലോക്ക് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ശ്രീ. കെ. മുരളീധരൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഴ്സിംഗ് കോളേജിൽ പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

<u>മറുപടി:</u> **കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിൽ പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് മൂലധന ശീർഷകത്തിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 7.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത സാമ്പത്തിക വർഷം അനുവദിച്ച 150 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് അക്കൗണ്ടിലേയ്ക്ക് കൈമാറി നൽകുകയും ചെയ്തിരുന്നു. എന്നാൽ Price Software-ൽ വന്ന വ്യത്യാസം മൂലം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരികയും നിലവിലുണ്ടായിരുന്ന ഭരണാനുമതിയുടെ കാലാവധി കഴിയുകയും ചെയ്ത സാഹചര്യത്തിൽ പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് സമഗ്ര ഭരണാനുമതിയുള്ള 36.22 കോടി രൂപയുടെ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയും കിഫ്ബി മുഖേന ഫണ്ട് അനുവദിക്കുന്നതിന് ആയത് കിഫ്ബിയുടെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഈ പദ്ധതി കിഫ്ബി മുഖേന നടപ്പാക്കാൻ നിർവ്വാഹമില്ലെന്ന് കിഫ്ബി അറിയിച്ചതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് മറ്റേതെങ്കിലും ഫണ്ട് കണ്ടെത്താൻ കഴിയുമോയെന്ന് അറിയിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.**

**(ബി)** എങ്കിൽ പദ്ധതി അടങ്കൽ, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

<u>മറുപടി:</u> **കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിൽ പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് മൂലധന ശീർഷകത്തിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 7.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത സാമ്പത്തിക വർഷം അനുവദിച്ച 150 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് അക്കൗണ്ടിലേയ്ക്ക് കൈമാറി നൽകുകയും ചെയ്തിരുന്നു. എന്നാൽ Price Software-ൽ വന്ന വ്യത്യാസം മൂലം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരികയും നിലവിലുണ്ടായിരുന്ന ഭരണാനുമതിയുടെ കാലാവധി കഴിയുകയും ചെയ്ത സാഹചര്യത്തിൽ പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് സമഗ്ര ഭരണാനുമതിയുള്ള 36.22 കോടി രൂപയുടെ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയും കിഫ്ബി മുഖേന ഫണ്ട് അനുവദിക്കുന്നതിന് ആയത് കിഫ്ബിയുടെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഈ പദ്ധതി കിഫ്ബി മുഖേന നടപ്പാക്കാൻ നിർവ്വാഹമില്ലെന്ന് കിഫ്ബി അറിയിച്ചതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് മറ്റേതെങ്കിലും ഫണ്ട് കണ്ടെത്താൻ**

**കഴിയുമോയെന്ന് അറിയിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**